# 10% സംവരണം ശരിവച്ചുകൊണ്ടുള്ള സുപ്രീംകോടതിവിധി സാമ്പത്തികസംവരണത്തിനു ലഭിച്ച അംഗീകാരമാണ്

സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് തൊഴിൽ, വിദ്യാഭ്യാസ മേഖലകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഭരണഘടനാഭേദഗതി ശരിവച്ച ബഹു. സുപ്രീംകോടതിയുടെ അഞ്ചംഗഭരണഘടനാബഞ്ചിന്റെ വിധി സ്വാഗതാർഹമാണ്.

ഇത് സാമൂഹികനീതിയുടെ വിജയമാണ്.

സംവരണം നല്കുന്നത് ജാതിയുടെ പേരിലായിരിക്കരുത്, സാമ്പത്തികാടിസ്ഥാനത്തിലായിരിക്കണം എന്ന ശ്രീ മന്നത്തു പത്മനാഭന്റെ കാലം മുതൽക്കുള്ള എൻ.എസ്.എസ്സിന്റെ നിലപാടിന് ലഭിച്ച അംഗീകാരം കൂടിയാണ് ഈ വിധി.

നിലവിലെ സംവരണവ്യവസ്ഥകൾ അശാസ്ത്രീയമാണെന്നും അവയിൽ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെന്നും കാണിച്ചു കൊണ്ടുള്ള മെമ്മോറാണ്ടം 1958 നവംബർ 18-ന് ശ്രീ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിലുള്ള അഞ്ചംഗസംഘം നായർ സർവീസ് സൊസൈറ്റിയുടെ തീരുമാന പ്രകാരം ഡെപ്യൂട്ടേഷൻ ആയി അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. സംവരണവ്യവസ്ഥകളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് കാര്യകാരണസഹിതം വിശദമായ ഉള്ളടക്കത്തോടുകൂടിയാണ് പ്രസ്തുത മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായത്.

പ്രസ്തുത മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളുടെ ഒരു സംക്ഷിപ്തവിവരണം ചുവടെ ചേർക്കുന്നു -

1. ഉദ്യോഗനിയമനകാര്യത്തിൽ നിലവിലിരിക്കുന്ന സംവരണവ്യവസ്ഥകൾക്ക് അടിസ്ഥാനപരമായ മാറ്റം വരുത്തേണ്ടതാണ്.
2. പിന്നാക്കവിഭാഗങ്ങളുടെ പട്ടിക ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയും സംവരണം പട്ടികജാതിക്കാരിൽ മാത്രം ഏതാനും കാലത്തേക്കുകൂടി ഒതുക്കി നിർത്തുകയും വേണം.
3. പിന്നാക്കവിഭാഗങ്ങളുടെ പട്ടികയിൽ പട്ടികജാതിക്കാരല്ലാതെ മറ്റാരെയെങ്കിലും കൂടി ഉൾപ്പെടുത്തുവാൻ ഗവണ്മെന്റ് വല്ല കാരണവശാലും തീരുമാനിക്കുന്നപക്ഷം മറ്റു പ്രബലസമുദായങ്ങളെ അതിൽനിന്ന് ഒഴിവാക്കുകയും, സബ് റൊട്ടേഷൻ യാതൊരു കാരണവശാലും അനുവദിക്കാതിരിക്കുകയും വേണം.
4. ബാക്ക്വേർഡ് ക്ലാസ് കമ്മ്യൂണിക്കേഷൻ റിപ്പോർട്ടിന്മേൽ ശിപാർശകൾ അയക്കുമ്പോൾ പിന്നാക്കവിഭാഗങ്ങളെ നിർണ്ണയിക്കുവാൻ ശാസ്ത്രീയമായ ഒരു അടിസ്ഥാനം കൊടുക്കുകയും സാമ്പത്തികമായ അടിസ്ഥാനത്തിൽ അത് നിർവഹിക്കുകയും വേണം.
5. വിദ്യാഭ്യാസസൗജന്യങ്ങൾ സാമ്പത്തികാടിസ്ഥാനത്തിൽ ആയിരിക്കണം.
6. സാങ്കേതികവിദ്യാലയങ്ങളിലേക്കുള്ള പ്രവേശനം ബുദ്ധിയുടെയും സാമർത്ഥ്യത്തിന്റെയും അടിസ്ഥാനത്തിൽ ആയിരിക്കണം.

സംവരണവ്യവസ്ഥകളിൽ മാറ്റം വേണമെന്നും ജാതിസംവരണം അവസാനിപ്പിക്കണമെന്നും സാമ്പത്തികസംവരണമാണ് വേണ്ടതെന്നും ഉള്ള എൻ.എസ്.എസ്സിന്റെ നിലപാട് ഇതിനെ അടിസ്ഥാനമാക്കിയാണ്.

ഈ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഭരണവർഗ്ഗത്തിന് കഴിയാതെവന്നപ്പോഴാണ് മുന്നാക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് തൊഴിൽ-വിദ്യാഭ്യാസരംഗങ്ങളിൽ 10 ശതമാനം സംവരണമെങ്കിലും നല്കണമെന്ന ആവശ്യം എൻ.എസ്.എസ്. ഉന്നയിച്ചതും അത് നടപ്പാക്കാൻ ബന്ധപ്പെട്ടവർ നിർബന്ധിതരായതും. അത് കോടതി ഇപ്പോൾ ശരിവച്ചിരിക്കുകയുമാണ്.